LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 17, വെള്ളി

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2006 ഫെബ്രുവരി മാസം 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ [*156]

വിദ്യാർത്ഥികളുടെ ജയപരാജയത്തിൽ ഇന്റേണൽ അസസ്സ്മെന്റ് മാർക്കിനുള്ള പങ്ക്

1 [*156] ശ്രീ. സി. പി. മുഹമ്മദ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. ലൂഡി ലൂയിസ് :
,, എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് ഏതെല്ലാം കോഴ്സുകൾക്ക് ഇന്റേണൽ അസസ്സ്മെന്റ് നടത്തുന്നുണ്ട്;

(ബി) ഇന്റേണൽ അസസ്സ്മെന്റിന് എത്ര ശതമാനം മാർക്കാണ് നൽകുന്നത്;

(സി) വിദ്യാർത്ഥിയുടെ ജയപരാജയങ്ങളിൽ ഇന്റേണൽ അസസ്സ്മെന്റ് മാർക്കിനുള്ള പങ്കെന്താണ്;

GPM. 2/154/2013—2

(ഡി) ബന്ധപ്പെട്ട അദ്ധ്യാപകന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചാണ് ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നൽകുന്നതെന്ന ആരോപണം ഉണ്ടായിട്ടുണ്ടോ;

(ഇ) ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും ഗൈഡ് ലൈൻസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ;

(എഫ്) വിദ്യാർത്ഥികൾക്ക് എഴുത്തു പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായി ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ) :

(എ) കേരള, എം.ജി., കണ്ണൂർ, കാലിക്കറ്റ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നിവ നടത്തുന്ന എല്ലാ റഗുലർ ഗ്രാഡ്വേറ്റ് പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾക്കും ഇന്റേണൽ അസസ്സ്മെന്റ് നടത്തുന്നുണ്ട്. സംസ്കൃത സർവ്വകലാശാലയിൽ എം.ഫിൽ, എം.എസ്.ഡബ്ളിയു, എം.എ., ബി.എഫ്.എ., പി.ജി. ഡിപ്ലോമാ കോഴ്സുകൾക്കും ഇന്റേണൽ അസസ്സ്മെന്റ് നടത്തുന്നു.

(ബി) & സി) ഇന്റേണൽ അസസ്സ്മെന്റിന് സർവ്വകലാശാലകളിൽ വ്യത്യസ്തമായ രീതിയാണ് നിലവിലുള്ളത്. ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് വിദ്യാർത്ഥികളുടെ ജയപരാജയത്തെ ഗണ്യമായി ബാധിക്കുന്നുണ്ട്.

(ഡി) ചില സർവ്വകലാശാലകളിൽ ഉണ്ടായിട്ടുണ്ട്.

(ഇ) സർവ്വകലാശാലകൾ നൽകുന്ന ഗൈഡ്ലൈൻസ് നിലവിലുണ്ട്.

(എഫ്) അക്കാദമിക് സംഗതി ആയതിനാൽ സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

ശ്രീ. ലൂഡി ലൂയിസ്: സർ, ഇന്റേണൽ അസസ്സ്മെന്റ് പല വിദ്യാർത്ഥികൾക്കും ഒരു പേടിസ്വപ്നമായി മാറിയിരിക്കുകയാണ്. സ്പെസിമൻ ശേഖരിക്കാൻവേണ്ടി പോയ, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന ജോസഫ് ജോൺ എന്ന വിദ്യാർത്ഥി ഈ മാസം 4-ാം തീയതി ചാലക്കുടി പുഴയിൽ മുങ്ങി മരിക്കുകയുണ്ടായി. ഇന്റേണൽ അസസ്സ്മെന്റിന് മാർക്ക് കുറയുമെന്ന് പേടിച്ചാണ് നീന്തലറിയാത്ത ആ വിദ്യാർത്ഥി ചാലക്കുടി പുഴയിൽ ഇറങ്ങിയതും തുടർന്ന് മുങ്ങി മരിക്കാനിടയായതും. ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇന്റേണൽ അസസ്സ്മെന്റ് ഒരു പേടിസ്വപ്നമാകേണ്ട കാര്യമില്ല. ഇന്റേണൽ അസസ്സ്മെന്റിൽ വളരെ ശരിയായ ചില സംഗതികളുണ്ട്. ഇന്റേണൽ അസസ്സ്മെന്റ് ഇവാല്യൂവേഷൻ രംഗത്ത് വളരെ അനിവാര്യമായ ഒരു സംഗതിയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നടന്ന സംഭവത്തെക്കുറിച്ച് ഞാൻ തന്നെ ഒരു അന്വേഷണം നടത്തി. ഈ കുട്ടി ഫിഷറീസുമായി ബന്ധപ്പെട്ട് മീൻ പിടിക്കാൻ വേണ്ടി പോയതാണ്. ശരിക്കും സൂക്ഷിക്കേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഗൗരവമായി യൂണിവേഴ്സിറ്റിയോട് പറഞ്ഞിട്ടുണ്ട്. സംഭവമുണ്ടായ സമയത്ത് ഞാൻ തന്നെ നേരിട്ട് വൈസ് ചാൻസലറോട് അതുസംബന്ധിച്ച് സംസാരിച്ചു. ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റിയും വളരെ നല്ല രീതിയിലുള്ള അന്വേഷണം നടത്തും. അന്വേഷണത്തിന്റെ റിപ്പോർട്ട് കിട്ടിയാൽ ഉടൻതന്നെ അത് ലഭ്യമാക്കുകയും ചെയ്യാം.

ശ്രീ. ലൂഡി ലൂയിസ് : സർ, പഠിപ്പിൽ മിടുക്കരായ, എഴുത്ത് പരീക്ഷയിൽ നല്ല മാർക്ക് വാങ്ങുന്ന പല വിദ്യാർത്ഥികൾക്കും ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് വരുമ്പോൾ മാർക്ക് കുറയുന്ന സാഹചര്യമുണ്ട്. ഇത്തരം സാഹചര്യം ഒഴിവാക്കാൻ, വിദ്യാഭ്യാസ വിദഗ്ദ്ധരുമായി ആലോചിച്ച് ഇന്റേണൽ അസസ്സ്മെന്റിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇന്റേണൽ അസസ്സ്മെന്റിന് complaints ഉണ്ടാകും. ടെക്നിക്കൽ, പ്രൊഫഷണൽ, ആർട്സ് ആന്റ് സയൻസ് കോളേജുകളിലായി ഏതാണ്ട് മൂന്ന് മൂന്നര ലക്ഷം കുട്ടികൾ പഠിക്കുന്നുണ്ട്. അതിന്റെയിടയിൽ ചെറിയ പരാതികൾ ഉണ്ടാകുന്നുണ്ട്; ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ അതിന്റെ പേരിൽ ഇന്റേണൽ അസസ്സ്മെന്റ് വേണ്ടന്ന് വയ്ക്കാൻ പറ്റില്ല. മറിച്ച് ഇന്റേണൽ അസസ്സ്മെന്റിന്റെ പേരിൽ വരുന്ന പരാതികൾ ശരിയാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. ഇതൊക്കെ ചില യൂണിവേഴ്സിറ്റികളിൽ ഇപ്പോൾത്തന്നെ ഉണ്ട്. എന്റെയടുത്ത് അതിന്റെ വിശദാംശമുണ്ട്. ചില യൂണിവേഴ്സിറ്റികളിൽ ഇത്തരം complaints പരിശോധിക്കാനായി ഒരു ത്രീ ടയർ സിസ്റ്റമുണ്ട്. ഒരു കുട്ടയിൽ നിന്നും complaint വരികയാണെങ്കിൽ, ഇന്റേണൽ അസസ്സ്മെന്റിന് ശരിയായ തോതിലല്ല മാർക്കിട്ടതെന്ന പരാതി വരികയാണെങ്കിൽ, അത് പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ട്. അത് പോരെങ്കിൽ, പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും കൂടുതൽ ചെയ്യേണ്ടതുണ്ടെങ്കിൽ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ എക്സ്പെർട്സുമായി സംസാരിച്ച്, യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് അവരുടെ അക്കാദമിക് കൗൺസിലാണ് ഇത് ചെയ്യേണ്ടത്. നമുക്ക് നേരിട്ട് ഇൻസ്ട്രക്ഷൻ കൊടുക്കാൻ പറ്റില്ല. യൂണിവേഴ്സിറ്റിയുടെ അക്കാദമിക് കാര്യങ്ങളിൽ നമുക്ക് നേരിട്ട് ഇടപെടാനൊക്കില്ല. എങ്കിൽപ്പോലും എക്സ്പെർട്സുമായി സംസാരിച്ച് വൈസ് ചാൻസലറുമായി ബന്ധപ്പെട്ട്, ഇത് കുറ്റമറ്റതാക്കാൻ എന്താണ് ചെയ്യേണ്ടതെന്നുള്ളത് തീർച്ചയായും പരിശോധിക്കാം.

ശ്രീ. എ. കെ. മണി : സർ, ഇന്റേണൽ അസസ്സ്മെന്റ് നടത്താൻവേണ്ടി യൂണിവേഴ്സിറ്റികളിൽ ഇന്നുള്ള സംവിധാനം മതിയാകുന്നില്ല. ശ്രീ. ലൂഡി ലൂയിസിന്റെ ചോദ്യം തന്നെ ഞാൻ ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ മാറ്റിക്കൊണ്ട് യൂണിവേഴ്സിറ്റിയുടെ വിദഗ്ദ്ധരെ ഇതിനുവേണ്ടി പരിശീലിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇന്റേണൽ അസസ്സ്മെന്റിനെ സംബന്ധിച്ച് പറയാനുള്ളത്, അത് യൂണിവേഴ്സിറ്റി തലത്തിൽത്തന്നെ ചെയ്യേണ്ട കാര്യമാണ്. ഇത് അവരുടെ അക്കാദമിക് കാര്യമാണ്. അതിനെക്കുറിച്ച് ഞാൻ ചുരുക്കി പറയാം. മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യങ്ങൾക്ക് മറുപടി പറയുമ്പോൾ പൂർണ്ണമായി പറയാം. നമ്മുടെ നാട്ടിൽ പല തരത്തിലുള്ള കോഴ്സുകളുണ്ട്. പലതരം കോഴ്സുകളുടെ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് പലതരമാണ്. തീയറി കണ്ടന്റ് കൂടുതലുള്ളതിൽ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് കുറച്ച് മതിയാകും. ചിലതിൽ പ്രാക്ടിക്കൽ കൂടുതൽ വരും. പ്രാക്ടിക്കൽ കൂടുതൽ വരുമ്പോൾ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് കൂടിവരും. വളരെ വിശദമായ പട്ടികയാണിത്. ഓരോ .യൂണിവേഴ്സിറ്റിയിലും ഓരോ സബ്ജക്ടിനും വ്യത്യസ്തമായ ഇന്റേണൽ അസസ്സ്മെന്റ് മാർക്കാണ് കൊടുക്കുന്നത്. കണ്ണൂർ, കോഴിക്കോട് സർവ്വകലാശാലകളിൽ ഇന്റേണൽ അസസ്സ്മെന്റിന് 20 ശതമാനം മാർക്കാണ് നൽകുന്നത്. അതുപോലെ കോഴിക്കോട് സർവ്വകലാശാലയുടെ കാര്യത്തിൽ ഓരോ സബ്ജക്ടിനും മാറ്റമുണ്ട്. കൊച്ചി സർവ്വകലാശാലയിൽ ബി.എഡ്. കോഴ്സിന് 50 മാർക്കാണ്, എന്നു പറഞ്ഞാൽ 33.33% ആണ്. എം.ജി. യൂണിവേഴ്സിറ്റിയിൽ ഡിഗ്രി കോഴ്സിന് 20 മാർക്കാണ്. സെമസ്റ്റർ പാറ്റേൺ ആണെങ്കിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് 25 മാർക്കാണ്. സെമസ്റ്റർ രീതിയിൽ ബിരുദ കോഴ്സുകൾക്ക് പരീക്ഷയുടെ ഓരോ പേപ്പറിനും അമ്പതിൽ പത്ത് മാർക്കാണ്. സംസ്കൃത സർവ്വകലാശാലയിൽ എം.ഫിൽ-ന് ഗ്രേഡിംഗ് സമ്പ്രദായത്തിൽ 100-ഉം, എം.എ., പി.ജി. ഡിപ്ലോമ ഗ്രേഡിംഗ് സമ്പ്രദായത്തിൽ 80-ഉം, ബി.എഫ്.എ.-യ്ക്ക് 20-ഉം മാർക്കാണ്. അങ്ങനെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഇതിൽ എന്തെങ്കിലും പരിവർത്തനം വേണമെന്നുണ്ടെങ്കിൽത്തന്നെ അതാത് യൂണിവേഴ്സിറ്റികളിൽ ബന്ധപ്പെട്ട അക്കാദമിക് ബോഡികളിൽ ചർച്ച ചെയ്യേണ്ടതാണ്. ഇക്കാര്യം അവരോട് സംസാരിക്കാം. ഇതിൽ മറ്റൊരു കാര്യമുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് സഭയിൽ ഉന്നയിച്ച എല്ലാ ചോദ്യങ്ങളും മിക്കവാറും ഒരേ കാര്യവുമായി ബന്ധപ്പെട്ടതായതുകൊണ്ട് ഇതിനെ സംബന്ധിച്ച് ചെറിയ വിശദീകരണം നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്റേണൽ അസസ്സ്മെന്റ് ഒഴിവാക്കാനാവില്ല. ജലദോഷമുണ്ടെന്നുള്ളതുകൊണ്ട് തല മുറിച്ചു കളയുന്നതുപോലെയുള്ള കാര്യമാണത്. ഇവാല്യൂവേഷൻ എന്നു പറഞ്ഞാൽ ഇയർ ലോംങ്ങ് പ്രോസസ്സാണ്. ഒരു കുട്ടിയെ ഒരു കൊല്ലത്തിൽ യൂണിവേഴ്സിറ്റി പരീക്ഷയിൽ പരിശോധിക്കുന്നതിന് പകരം, 'The best judge of the student is teacher' എന്ന കൺസപ്റ്റാണ് ഇത്. ഒരു കുട്ടി മിടുക്കനാണോ ആ കുട്ടി പ്രവർത്തനാധിഷ്ഠിത കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്ന് ഇവാല്യൂവേറ്റ് ചെയ്യാനുള്ള ഏറ്റവും നല്ല ജഡ്ജ് അധ്യാപകൻ തന്നെയാണ്. അതുകൊണ്ടാണ് ഇന്റേണൽ അസസ്സ്മെന്റ് തുടരണമെന്ന് പറയുന്നത്. മാത്രമല്ല, നമ്മൾ ഈ സഭയിൽ പലപ്പോഴും സംസാരിക്കുന്ന ഒരു കാര്യമാണ്, നമ്മുടെ കുട്ടികൾ ഇന്റർവ്യൂവിന് പോകുന്ന സമയത്ത് ഷൈൻ ചെയ്യുന്നില്ല എന്നുള്ള കാര്യം. എന്താണ് അതിന് കാരണം? Activity based അല്ല. തീയറി പഠിച്ചുകൊണ്ട് പോകുകയാണ്. അത് കാണാപ്പാഠം പഠിച്ച് പരീക്ഷ എഴുതുകയാണ്. അതിനു പകരം ഇന്റേണൽ അസസ്സ്മെന്റിൽ ഇവാല്യൂവേറ്റ് ചെയ്യുന്നത് പ്രാക്ടിക്കൽ, അസൈൻമെന്റ്, പ്രോജക്ട്, ഗ്രൂപ്പ് ഡിസ്കഷൻ ഇതുപോലെയുള്ള സംഗതികളാണ്. ഇതിലൊക്കെ അവർക്ക് മാർക്ക് ഉണ്ടാകണം. ഇല്ലെങ്കിൽ നമ്മുടെ കുട്ടികൾക്ക് വളർന്നുവരാൻ പറ്റില്ല. പഠനം പ്രവർത്തനാധിഷ്ഠിതമാകണം. അതുകൊണ്ട് ഇന്റേണൽ അസസ്സ്മെന്റിന് അതിന്റേതായ വിലയുണ്ട്. അതിനെ ഒരിക്കലും ചെറുതായി കാണാൻ നമുക്ക് പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി : സർ, വെരി ലോംഗ് പ്രോസസ്സ് എന്ന് പറഞ്ഞ ഗവൺമെന്റിന്റെ ആശയം വളരെ വലുതാണ്. ഒരു കുട്ടിയുടെ പരാജയം മാത്രം അന്തിമമാകില്ല. ഒരു എക്സാമിനേഷനിൽ ഒരു കുട്ടി പരാജയപ്പെട്ടാൽ ഇപ്പോഴത്തെ നിലവിലുള്ള സമ്പ്രദായം മൂന്ന് ടെസ്റ്റ് വരെ ഇവാല്യൂവേറ്റ് ചെയ്യാനുള്ള നിയമം ഉണ്ടെന്നുള്ളതാണ്. എന്റെ ചോദ്യം മൂന്നാമത്തെ സിസ്റ്റത്തോടുകൂടി ഒഴിവാക്കാത്ത രീതിയിൽ very long process എന്നു പറഞ്ഞ ഗവൺമെന്റിന്റെ ആശയങ്ങളുമായി യോജിച്ചുകൊണ്ട്, ആ കുട്ടിക്ക് വീണ്ടും ചാൻസ് കൊടുത്തുകൊണ്ട് ആ കുട്ടിയെ മിടുക്കനാക്കാൻവേണ്ടി നിലവിലുള്ള വ്യവസ്ഥകളിൽ നിയമ ഭേദഗതി വരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അത് ശരിയായ സംഗതിയാണ്. അതായത് ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകൂടി കൂട്ടിയിട്ടാണ് ഒരു കുട്ടി ജയിക്കുന്നത് തീരുമാനിക്കുന്നത്. അങ്ങനെയുള്ളവർക്ക് വീണ്ടും ചാൻസ് കൊടുക്കുന്ന പ്രശ്നമുണ്ട്. ചില യൂണിവേഴ്സിറ്റികളിൽ ചാൻസ് കൊടുക്കുന്നില്ല. എന്നാൽ കേരള യൂണിവേഴ്സിറ്റിയിൽ Failed students-ന് രണ്ടാമത് അപ്പിയർ ചെയ്യുന്നതിനും അവരുടെ മാർക്ക് കണക്കുകൂട്ടുന്നതിനും മാനദണ്ഡമുണ്ട്. അതേ രീതിയിൽ ഒരു കുട്ടിയെ ഒരു പ്രാവശ്യം ഇവാലുവേറ്റ് ചെയ്തുകഴിഞ്ഞിട്ടും വിജയിക്കാനുള്ള നിലവാരത്തിലേക്ക് മാർക്ക് എത്തുന്നില്ലെങ്കിൽ ആ കുട്ടിക്ക് രണ്ടാമത് അപ്പിയർ ചെയ്യാനുള്ള സാധ്യതയുണ്ടാകണം. അത് ഗൗരവമായി എടുക്കേണ്ട കാര്യമാണ്. തീർച്ചയായും ഇക്കാര്യം വൈസ് ചാൻസലറുമായി സംസാരിച്ച് അതിനുള്ള മാർഗ്ഗമുണ്ടാക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു 'Best judge of the student is the teacher' എന്ന്. ഈ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഇന്റേണൽ അസസ്സ്മെന്റ് ഏർപ്പെടുത്തിയത്. എന്നാൽ ഈ ഇന്റേണൽ അസസ്സ്മെന്റ് പല കോളേജുകളിലും ഇപ്പോൾ ഇന്റേണൽ അസ്സാസ്സിനേഷനായി മാറിക്കൊണ്ടിരിക്കുന്ന ഒരു അവസ്ഥ വന്നിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇന്റേണൽ അസസ്സ്മെന്റിന്റെ പ്രശ്നവുമായി ബന്ധപ്പെട്ട് അനിത അറയ്ക്കൽ, അനീഷ്, ടിജു, ശ്രീകുമാർ, സഫർ എന്നീ 5 വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തു. കേരള നിയമ സഭയിലെ ഒരംഗമായിരുന്ന ശ്രീ. എൻ. അനിരുദ്ധന്റെ മകനും ഈ കൂട്ടത്തിൽപ്പെടും. അവിടെ ഇതു സംബന്ധിച്ച് പല ആക്ഷേപവും ഉണ്ടായിരിക്കുകയാണ്. പല രീതിയിലാണ് ഇന്റേണൽ അസസ്സ്മെന്റിന് മാർക്ക് കൊടുക്കുന്നത്. അദ്ധ്യാപകന് ഇഷ്ടമുള്ളവർക്ക് കൂടുതൽ മാർക്ക് കൊടുക്കാം. ഇഷ്ടമില്ലാത്തവർക്ക് മാർക്ക് കൊടുക്കാതിരിക്കാം. ഇപ്പോൾ അതാണ് വന്നിരിക്കുന്ന പ്രശ്നം. ടി.കെ.എം. എൻജിനീയറിംഗ് കോളേജിലെ സൈനുലുദ്ദീൻ എന്ന ഒരു ആർക്കിടെക്ട് വിദ്യാർത്ഥി 12 കൊല്ലമായി പരീക്ഷയെഴുതിക്കൊണ്ടിരിക്കുന്നു. ഇന്റേണൽ അസസ്സ്മെന്റിന്റെ പ്രശ്നം വച്ചുകൊണ്ടുമാത്രം അയാൾ പാസ്സാകുന്നില്ല. ആ വിദ്യാർത്ഥി രാഷ്ട്രപതിക്കുപോലും പരാതികൊടുത്തു. അദ്ദേഹം ഇങ്ങോട്ട് കത്തയച്ചു. കോട്ടയം നഴ്സിംഗ് കോളേജിന്റെ പ്രശ്നം നിങ്ങൾക്കെല്ലാം അറിയാവുന്നതാണ്. ഇതുപോലെ നിരവധി പരാതികൾ വന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന ഒരു

കാര്യം ഗ്രീവൻസ് സെൽ രൂപീകരിക്കണമെന്നാണ്. ഇത് സംബന്ധിച്ച് പരാതി കളില്ലാത്ത വിധത്തിൽ ഓരോ സെമിനാറിനും എത്ര മാർക്ക് കിട്ടിയെന്ന് ഓരോ കുട്ടിക്കും അറിയാനും മാർക്ക് കിട്ടിയില്ലെങ്കിൽ അതെന്തുകൊണ്ടാണ് എന്നൊക്കെ പരിശോധിക്കാനും ഗ്രീവൻസ് സെൽ രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇതിൽ ഒരു കാര്യം മനസ്സിലാക്കാനുള്ളത് ഇക്കാര്യത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്ന പോലെയുള്ള ഭീകരാവസ്ഥയൊന്നുമില്ല. 3.5 ലക്ഷം കുട്ടികളുണ്ട്. അവരുടെ, ജെന്യൂവിൻ ആയ കുറച്ചു പരാതികൾ വരുന്നുണ്ട്. ടി.കെ.എം. എൻജിനീയറിംഗ് കോളേജിൽ ആർക്കിടെക്ടിന് പഠിക്കുന്ന കുട്ടിയുടെ കാര്യത്തിൽ അദ്ധ്യാപകൻ കുഴപ്പം കാണിച്ചു. യുജിൻ എന്നാണ് അദ്ദേഹത്തിന്റെ പേര്. ഇദ്ദേഹം കുഴപ്പം കാണിച്ചുവെന്നു മാത്രമല്ല ഈ കുട്ടിയെ കുഴപ്പത്തിലാക്കി. യൂണിവേഴ്സിറ്റി അക്കാര്യത്തിൽ ഇടപെട്ടു. അവസാനം ഞാൻ തന്നെ ഇടപെട്ട് ടി. കെ. എം. എൻജിനീയറിംഗ് കോളേജിലെ മാനേജുമെന്റിനോട് പറഞ്ഞു, ആ മാഷിനെ ഇങ്ങനെ വിട്ടാൽ ശരിയാകില്ല. ഗവൺമെന്റ് വളരെ ഗൗരവമായി എടുത്താൽ നിങ്ങളെത്തന്നെ ബാധിക്കും എന്ന്. അവസാനം ആ മാഷിനെ ആ കോളേജിൽ നിന്നും സസ്പെൻഡ് ചെയ്തു. ഏതായാലും ഗവൺമെന്റ് ഈ കേസ് ടേക്ക് അപ്പ് ചെയ്യും. അങ്ങനെ ഒരു കുട്ടിയേയും പീഡിപ്പിക്കാൻ പാടില്ല. ഇതിന്റെ സംഗതിയെന്നുപറയുന്നത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞപോലെ ഇക്കാര്യത്തിൽ എല്ലാ മാഷുമാർക്കും മായം ചേർക്കാൻ ഒക്കില്ല. ഇതിന് വ്യക്തമായ മെറിറ്റ് റേറ്റിംഗ് പ്രോസസ്സ് ഉണ്ട്. മെറിറ്റ് റേറ്റിംഗ് പ്രോസസ്സ് എന്നുപറഞ്ഞാൽ ഒരു മാഷിന് ഇഷ്ടം പോലെ മാർക്ക് കൊടുക്കാൻ പറ്റില്ല. ഒരു ഉദാഹരണം പറയാം. കേരള യൂണിവേഴ്സിറ്റിയുടെ ഒരു മാനദണ്ഡമെന്നു പറഞ്ഞാൽ 90 മാർക്ക് പരീക്ഷയ്ക്കും 10 മാർക്ക് ഇന്റേണൽ അസസ്സ്മെന്റിനും കൊടുക്കും. അതിന്റെ മെറിറ്റ് റേറ്റിംഗ് എന്നു പറയുന്നത് ഹാജറിന് 4 മാർക്ക്, പ്രോജക്ട് ആന്റ് അസൈൻമെന്റിന് 2 മാർക്ക്, ടെസ്റ്റ് പേപ്പറിന് 4 മാർക്ക് എന്നിങ്ങനെയാണ്. ഹാജറിൽ മായം ചേർക്കാൻ ഒക്കില്ല. അതിന് ഒരു yard stick ഉണ്ട്. 90%ത്തിന് മുകളിലുള്ളവർക്ക് 4 മാർക്ക്, 80-89 വരെയുള്ളവർക്ക് 3 മാർക്ക്, 75-79 വരെയുള്ളവർക്ക് 2 മാർക്ക്, 75-നു താഴെയുള്ളവർക്ക് മാർക്കില്ല. അസൈൻമെന്റിന് 5 മാർക്ക്. ടെസ്റ്റിന് 10 മാർക്ക്. സെമിനാറിന് 5 മാർക്ക്, അങ്ങനെ എല്ലാത്തിനുമൊരു മാനദണ്ഡമുണ്ട്. അസൈൻമെന്റ് നടത്തുന്ന സമയത്ത് ക്ലാസിൽ ഒരു പ്രോജക്ടിനെക്കുറിച്ച് അസൈൻമെന്റ് ചെയ്യുമ്പോൾ ഒരു കുട്ടിയുടെ പെർഫോർമൻസ് കണ്ട് അദ്ധ്യാപകന് വിലയിരുത്താൻ കഴിയും. അതനുസരിച്ച് കുട്ടിക്ക് 3 മാർക്ക്, 2 മാർക്ക് എന്നൊക്കെ ഇടാൻ സാധിക്കും. അപ്പോൾ അവന്റെ മനോഗതി റിഫ്ളെക്ട് ചെയ്യുന്നുണ്ടാകാം, ഇല്ലെന്നു പറയാനൊക്കില്ല. അങ്ങനെ ചില സംഗതി ഉണ്ടെന്നതൊഴിച്ചാൽ ഇത് വളരെ ശാസ്ത്രീയമായ സംവിധാനമാണ്. അതേസമയം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപോലെ അതിന് ഇപ്പോൾ ഒരു മെക്കാനിസമുണ്ട്. അതിനെ 'ഗ്രീവൻസ് റിഡ്രസ്സൽ സെൽ' എന്നാണ് പറയുന്നത്. അത് ശക്തമാക്കാനുള്ള നിർദ്ദേശം യൂണിവേഴ്സിറ്റിക്ക് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി : ഇവാല്യൂവേറ്റ് ചെയ്യുന്നത് സംബന്ധിച്ച് ഇവിടെ വിശദമായി പറഞ്ഞു. ഏറ്റവും നല്ല കാര്യമാണ്. അത് നന്നായി നടക്കണം. അതിൽ ദുരുദ്ദേശമായി പെരുമാറിയതിന്റെ നടപടിയെക്കുറിച്ച് അങ്ങുതന്നെ ഇവിടെ വിശദീകരിച്ചു. എന്നാൽ അദ്ധ്യാപകന്മാർക്ക് നേരിട്ട് വിലയിരുത്താൻ കഴിയാത്ത പ്രൈവറ്റ് ക്യാൻഡിഡേറ്റായ കുട്ടികളെ സംബന്ധിച്ചിടത്തോളം ആ കുട്ടികളുടെ ഇന്റേണൽ അസസ്സ്മെന്റ് നടത്തുമ്പോൾ ഏത് മാനദണ്ഡത്തിലാണ് മാർക്ക് കൊടുക്കുന്നത്; അതിന് പ്രത്യേകമായി വല്ല സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ: ഉണ്ടെങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികളുടെ കാര്യത്തിൽ ഇത്രയും കണിശമായ ഒരു evaluation നടക്കുന്നില്ല. ഇത് എയിഡഡ് കോളേജുകളിൽ അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളാണ് നൽകുന്നത്. പ്രൈവറ്റ് രജിസ്ട്രേഷൻ എന്നു പറഞ്ഞാൽ, ഓപ്പൺ സിസ്റ്റത്തിൽ ഉള്ളത് ഇത്രയും ഫലപ്രദമായി കടന്നുവരുന്നില്ല. പ്രൈവറ്റ് രജിസ്ട്രേഷൻ സിസ്റ്റത്തിലുള്ള ഒരു പോരായ്മയാണ് ഇത്. ഇത് സ്കൂളുകളുടെ കാര്യത്തിലും, കോളേജുകളുടെ കാര്യത്തിലുമുണ്ട്. അത്തരം കുട്ടികളുടെ കാര്യത്തിൽ ഇന്റേണൽ അസസ്സ്മെന്റ് എങ്ങനെ ശാസ്ത്രീയമാക്കാമെന്ന കാര്യം തീർച്ചയായും പരിഗണിക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞു ഇതിന് എല്ലാത്തിനും മാനദണ്ഡങ്ങളുണ്ടെന്ന്. സെമിനാർ ഉൾപ്പെടെ ഓരോ ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകം മാർക്ക് തീരുമാനിച്ചുകൊണ്ടാണ് ഇത് ചെയ്യേണ്ടത്. ആർക്കും കുഴപ്പം കാണിക്കാൻ സാധിക്കില്ലായെന്ന് അങ്ങ് പറയുമ്പോഴും പലരും കുഴപ്പങ്ങൾ കാണിക്കുന്ന അനുഭവങ്ങളാണ് നമുക്ക് ഉണ്ടാകുന്നത്. ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിലെ ഒരു അധ്യാപകൻ ഇത്തരത്തിൽ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നിർണ്ണയിച്ചാൽ അത് സുതാര്യമാണെന്ന് നമുക്കു ബോധ്യമാകുന്ന വിധത്തിൽ അവിടെത്തന്നെ അപ്പീൽ അതോറിറ്റി പോലെയുള്ള ഒരു ബോഡി രൂപീകരിക്കുകയും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് അവിടെ പരിശോധിച്ച് ഒരു നിശ്ചിതസമയത്തിനകം പരിഹാരം കാണാനുള്ള ഒരു സംവിധാനം ആ ഇൻസ്റ്റിറ്റ്യൂഷനിൽത്തന്നെ ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, തീർച്ചയായും നടപടി സ്വീകരിക്കാം. ഇപ്പോൾത്തന്നെ പല സംവിധാനങ്ങളുണ്ട്. ഒരു അധ്യാപകൻ അസ്സസ് ചെയ്യുന്നതു സംബന്ധിച്ച് പരാതിയുണ്ടായാൽ ഡിപ്പാർട്ടുമെന്റിന് ഡബിൾ ചെക്ക് നടത്താം. വിദ്യാർത്ഥികളുടെ ഇത്തരം കാര്യത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു അനൗദ്യോഗിക സംവിധാനമുണ്ട്. semester system വന്നതിനുശേഷമാണ് കൂടുതൽ പ്രശ്നങ്ങൾ വന്നിട്ടുള്ളത്. അതുകൊണ്ട് ഇന്റേണൽ അസസ്സ്മെന്റിനെ സംബന്ധിച്ച് കിട്ടുന്ന പരാതി നിഷ്പക്ഷമായിത്തന്നെ തീരുമാനം എടുക്കാനുള്ള മെക്കാനിസം എന്താണോ അതെല്ലാം ഉറപ്പുവരുത്താം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1000 ആളുകളുടെ കൂട്ടത്തിലും ദുരുദ്ദേശ്യമുള്ള അദ്ധ്യാപകൻ ഉണ്ടാകാം. ആ സാധ്യത തള്ളിക്കളയാനാവില്ല. അങ്ങനെ വന്നാൽ, ഒരു കുട്ടിപോലും

പീഡിപ്പിക്കപ്പെടരുതെന്ന കാര്യം കണക്കിലെടുത്തുകൊണ്ട് ഈ സിസ്റ്റം കുറ്റമറ്റ താക്കാൻ ഇന്നുള്ള സംവിധാനം പോരെങ്കിൽ വേറെ എന്തു സംവിധാനം വേണമെങ്കിലും തീർച്ചയായും നമുക്ക് ഉണ്ടാക്കാം. .

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഇന്റേണൽ അസസ്സ്മെന്റിന്റെ മാർക്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കാൻ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ; അങ്ങനെ നോട്ടീസ് ബോർഡിൽ ഇത് പ്രസിദ്ധീകരിക്കുന്നപക്ഷം അതിന്മേൽ പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയുണ്ട്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അവരുടെ സർക്കുലറിൽത്തന്നെ എല്ലാം വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതായത് ഓരോ കുട്ടിക്കും കിട്ടിയ മാർക്ക് വ്യക്തമായി നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്ന് യൂണിവേഴ്സിറ്റികൾ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ കോപ്പി എന്റെ കൈവശവുമുണ്ട്. ഞാൻ അത് ആവർത്തിച്ച് വായിക്കുന്നില്ല. അങ്ങനെ നോട്ടീസ് ബോർഡിൽ ഡിസ്പ്ലേ ചെയ്തശേഷം കുട്ടിക്ക് പരാതിയുണ്ടെങ്കിൽ അത് രേഖാമൂലം കൊടുക്കാൻ ഈ ഗൈഡ് ലൈനിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഓരോ യൂണിവേഴ്സിറ്റിയും വ്യത്യസ്തമായി ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ എടുത്തിട്ടുണ്ടെന്ന് പറയുന്ന ഒരു പൊതുമാനദണ്ഡം transparent ആയി ഇരിക്കണമെന്നതു തന്നെയാണ്. ഗവൺമെന്റിന്റെ അഭിപ്രായം; ഒളിച്ചു വയ്ക്കേണ്ട ഒരു കാര്യവുമില്ല. മാത്രമല്ല വെബ്സൈറ്റിൽക്കൂടി ഇടാവുന്ന കാര്യമാണ്. ഒരു കുട്ടിയുടെ ഇന്റേണൽ അസസ്സ്മെന്റ് ഇപ്പോൾ ഗൈഡ്ലൈനിൽ പറഞ്ഞിരിക്കുന്നത് നോട്ടീസ് ബോർഡിലിടണമെന്നാണ്. ഞാൻ വിചാരിക്കുന്നത് അവിടെ മാത്രം ഒതുക്കിനിർത്തേണ്ട കാര്യമില്ല. കുറച്ചുകൂടി transparent ആക്കാം. ഭാരതീയാർ യൂണിവേഴ്സിറ്റിയുടെ ഒരു ഡോക്യുമെന്റിൽ ഡിസ്പ്ലെ ചെയ്തിരിക്കുന്നത് ഞാൻ കണ്ടതാണ് അപ്പോൾ അത് വെബ്സൈറ്റിൽക്കൂടി കൊടുക്കാം. അതിൽ തെറ്റില്ല. അങ്ങനെ ഡബിൾ ചെക്കാകട്ടെ. ഒരു കുഴപ്പവുമില്ല.

ശ്രീ. ബിനോയ് വിശ്വം : സർ, ഇന്റേണൽ അസസ്സ്മെന്റ് വളരെ ശരിയായ തത്വമാണെന്ന് അങ്ങ് പറഞ്ഞതിനോട് ഞാനും യോജിക്കുന്നു. പക്ഷേ ഈ തത്വം തെറ്റായ രീതിയിലാണ് ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽനിന്ന് ഒരുപാട് ദുരന്തമുണ്ടായിക്കൊണ്ടിരിക്കുകയാണ് പല സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾ ആത്മഹത്യ വരെ ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇവിടെ പറഞ്ഞപോലെ ഈ സഭയിലെ ഒരംഗമായിരുന്ന ശ്രീ. എൻ. അനിരുദ്ധന്റെ മകൻ ആത്മഹത്യ ചെയ്തു. പല സ്ഥാപനങ്ങളിലേയും ആൺകുട്ടികളും പെൺകുട്ടികളും പല തരത്തിൽ പീഡിപ്പിക്കപ്പെടുകയാണ്. ഇപ്പോൾ ഇത് പീഡനത്തിന്റെ മറയായി മാറിക്കൊണ്ടിരിക്കുമ്പോൾ അങ്ങ് ഇവിടെ പറയുന്ന 'the best judge of the student is the teacher' എന്ന തത്വത്തിന്റെ ഭാഗമായിത്തന്നെ ഒരു പുതിയ ആശയം കൂടി രൂപപ്പെട്ടിരിക്കുന്നു. അതായത്, അദ്ധ്യാപകൻ വിദ്യാർത്ഥി മാർക്കിടുക എന്നത്. അത് മുമ്പ് ഉണ്ടായിരുന്നു. ഈ കാര്യം ആരും മിണ്ടിയിട്ടേയില്ല. I still believe that the best judge of the teacher is the student. അദ്ധ്യാപകൻ വിദ്യാർത്ഥികൾ മാർക്കിടട്ടേ, അപ്പോളറിയാം. ഒരു കോഴ്സിൽ 50 വിദ്യാർത്ഥികളുടെ പൊതുമനോഭാവത്തിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അവർ അദ്ധ്യാപകർക്ക് മാർക്കിടുമ്പോൾ ഒരു അദ്ധ്യാപകന്റെ ഇന്റഗ്രിറ്റി തെളിയിക്കപ്പെടും. അതുകൂടെ പരിഗണിച്ചുകൊണ്ട് അദ്ധ്യാപകനെ വിദ്യാർത്ഥികൾ അസസ്സ് ചെയ്യുന്ന സമ്പ്രദായത്തിന്റെ കൂടി സാദ്ധ്യതയെപ്പറ്റി ഗവൺമെന്റ് ചിന്തിക്കുമോയെന്നാണ് എനിക്ക് അറിയാനുള്ളത് ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, 'The best judge of the teacher is the student' എന്ന കോൺസെപ്ട് വളരെ ശരിയാണ്. ഏറ്റവും നൂതനമായി ലോകത്ത് വികാസം പ്രാപിച്ചുവരുന്ന ഒരു ആശയമാണിത്. JNU(Jawaharlal Nehru University)-ൽ സംവിധാനമുണ്ട്. ഞാൻ വായിച്ചതാണ്. അങ്ങ് പറഞ്ഞ അതേ പോയിന്റാണ്. അതായത് കുട്ടി അദ്ധ്യാപകനെ ജഡ്ജ് ചെയ്യുന്നതിന് ഒരു yard stick വച്ചിട്ടുണ്ടായിരുന്നു. ഞാനത് വായിച്ചിട്ടുണ്ട്. അതിലെ പോയിന്റ് ഞാൻ കൃത്യമായി ഓർക്കുന്നില്ല. 8,9 പോയിന്റുണ്ട്. അദ്ധ്യാപകന് ക്ലാസ് മനസ്സിലാകുന്നുണ്ടോ, അദ്ധ്യാപകൻ കുട്ടിയോട് നല്ല രീതിയിൽ പെരുമാറുന്നുണ്ടോ, ആ നിലയിൽ ഒരു പൊതുമാനദണ്ഡം വച്ചുകൊണ്ട് കുട്ടി അദ്ധ്യാപകരെ evaluate ചെയ്യുന്ന ഏറ്റവും നൂതനമായ ഒരു കോൺസെപ്ട് ആണത്. ചർച്ച ചെയ്യേണ്ട കോൺസെപ്ടാണിത്. ഉന്നത വിദ്യാഭ്യാസരംഗത്തെ അദ്ധ്യാപകരുടെ പെർഫോർമെൻസ് സംബന്ധിച്ച് 'student evaluation of the teacher' എന്ന ആശയം ചർച്ച ചെയ്യപ്പെടേണ്ട ആശയമാണ്. അങ്ങനെ ഒരു ആശയം മുന്നോട്ടുവച്ച ശ്രീ. ബിനോയ് വിശ്വത്തോട് ഞാൻ പ്രത്യേകം നന്ദി പറയുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഇന്റേണൽ അസസ്സ്മെന്റിന് സാധാരണഗതിയിൽ ഒരു ഇരട്ടമുഖം ദൃശ്യമാകുക പതിവുണ്ട്. ക്ലാസ് ടെസ്റ്റ്, പ്രോജക്ട്, അസൈൻമെന്റ്, സെമിനാർ എന്നിവയിൽക്കൂടിയൊക്കെ ഭംഗിയായി വിദ്യാർത്ഥിയെ വിലയിരുത്താൻ കിട്ടുന്ന സന്ദർഭം; അധ്യാപകൻ അതിനെ അക്ഷരാർത്ഥത്തിൽ ഉപയോഗിച്ചാൽ അത് ഏറ്റവും മനോഹരമാകും. പക്ഷേ പലപ്പോഴും അത് അങ്ങനെയല്ല സംഭവിക്കാറുള്ളത്. വിശേഷിച്ചും പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം, ഇവിടെ മറ്റു പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ, ക്രൂരമായ പീഡനമായി അനുഭവപ്പെടുന്ന ഒറ്റപ്പെട്ട സംഭവങ്ങളും ഉണ്ടാകാറുണ്ട്. അത്തരം അനുഭവങ്ങൾ വരുമ്പോൾ കരുതലോടുകൂടി മുന്നോട്ടുനീങ്ങാൻ ഗ്രീവൻസ് സെൽ കൂടുതൽ ശക്തമാക്കാനായി ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നു എന്നുപറഞ്ഞുകേട്ടതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷേ പ്രൊഫഷണൽ കോളേജുകളിലെപോലെ ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലുംകൂടി ഇത് ആവശ്യമാണോ എന്നുള്ളതിനെക്കുറിച്ച് രണ്ടാമതൊന്നുകൂടി ഗവൺമെന്റ് ചിന്തിക്കണം. കൂടുതൽ അംഗസംഖ്യ കുട്ടികൾക്കുണ്ടെന്നുള്ളതുകൊണ്ട് ഈ ഇന്റേണൽ അസസ്സ്മെന്റ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ, പലപ്പോഴും അവർ ഉദ്ദേശിക്കുന്ന അർത്ഥത്തിൽ പ്രാവർത്തികമാകില്ല. അതുകൊണ്ട് കുറ്റമറ്റ സമ്പ്രദായത്തിലാക്കി മാറ്റാൻ കൃത്യമായ ഒരു രൂപരേഖ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : തീർച്ചയായും. അത് ചർച്ച ചെയ്യാൻ വി.സി.-മാരുടെ ഒരു യോഗംതന്നെ വിളിക്കാം. ഇപ്പോൾ ടീച്ചർ പറഞ്ഞതിന്റെ തുടർച്ചയായി ഒരു കാര്യം കൂടി പറയട്ടെ, പ്രൊഫഷണൽ കോളേജുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ, കേരള യൂണിവേഴ്സിറ്റി എൽ.എൽ.ബി.-യുടെ കാര്യത്തിൽ, അവരുടെ ഒരു മാനദണ്ഡം ഞാൻ ഒറ്റവാക്കിൽ വായിക്കാം. "Scheme for Internal Assessment: The marks for the internal assessment shall be awarded by the teacher in charge of each paper countersigned by Principal/Head of the Institution and forwarded to the University before the commencement of the written examination. A statement containing the marks awarded to every student as internal assessment in each paper shall also be published on notice board of College/Institution" എന്നാണ് പറയുന്നത്. അത് ചെയ്യണം. വീഴ്ചയുള്ള കേസുകൾ ഗൗരവമായി നോക്കുകയും വേണം. ഇവിടെ പറഞ്ഞതുപോലെ ഈ സെല്ലിന്റെ കാര്യം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാനാവശ്യമായ കാര്യങ്ങളും നമുക്ക് ചെയ്യാം.

ശ്രീ. ടി. കെ. ദേവകുമാർ : സർ, നിലവിലുള്ള സംവിധാനത്തിന്റെ പരിമിതി കാരണമാണല്ലോ വേദനിപ്പിക്കുന്ന അനുഭവങ്ങൾ നമ്മുടെ മുന്നിൽ ഉയർന്നുനിൽക്കുന്നത്. ആ സംഭവത്തെ സംബന്ധിച്ച് നമ്മൾ വിശദീകരിക്കുകയും അത് തടയാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് ഏറെ വിവാദം സൃഷ്ടിച്ചിട്ടുള്ള, ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുദിനമുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി നയം രൂപീകരിക്കാനും അക്കാദമിക്ക് സ്വയംഭരണം അനുവദിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ആഗോള വിദ്യാഭ്യാസ സംഗമം നമ്മുടെ ഗവൺമെന്റ് മുൻകൈയെടുത്ത് വിളിച്ചുചേർത്തിരിക്കുന്നത്. ഇന്റേണൽ അസസ്സ്മെന്റുണ്ടാക്കുന്ന ദുരന്തങ്ങളുടെ ഓർമ്മ നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ, ഉന്നത വിദ്യാഭ്യാസ രംഗത്ത് രാഷ്ട്രാന്തരീയ നിലവാരമുള്ള സർവ്വകലാശാലകളെ സഹകരിപ്പിക്കാനുള്ള പരിശ്രമമെന്നുള്ള നിലയിൽ ആഗോളവത്ക്കരണ നയം നടപ്പിലാക്കുമ്പോൾ ഇന്റേണൽ അസസ്സ്മെന്റ് എന്നുപറയുന്ന സംവിധാനത്തിന്റെ പോരായ്മകൾ കൂടുതൽ ഗൗരവതരമായി കാണാനും അതിനകത്ത് അതിശക്തമായി ഇടപെടാനുമുള്ള സംവിധാനമുണ്ടാകേണ്ടതിന്റെ ആവശ്യകത ഈ സന്ദർഭത്തിൽ ബോധ്യപ്പെടാൻ സർക്കാരിന് കഴിയുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : വളരെ നന്നായി നടത്തുന്ന ഒരു സംവിധാനത്തിൽ ചെറിയ പരാതികളുള്ളതിന്റെ പേരിൽ അത് ആകെ മോശമാണെന്നുള്ള നിലയിൽ നമ്മൾ ചിന്തിക്കുന്നതിൽ അർത്ഥമില്ല. വളരെ ഉന്നതമായ ഒരു ആശയമാണ്. ആ ആശയത്തിൽ പോരായ്മയുണ്ടെങ്കിൽ ആ പോരായ്മ നമുക്ക് പരിഹരിക്കാം. ഇപ്പോൾ യൂണിവേഴ്സിറ്റികളുടെ കാര്യത്തിൽ നമ്മളെടുക്കുന്ന ഒരു സമീപനമുണ്ട്. യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് കാര്യങ്ങളിൽ നമ്മൾ ഇടപെടില്ല. എങ്കിൽപ്പോലും ഗവൺമെന്റിന് യൂണിവേഴ്സിറ്റികളുമായി ഒരു റിലേഷൻ ഉണ്ട്. അതുകൊണ്ടുതന്നെ നിങ്ങളൊക്കെ പറഞ്ഞതുപോലെ നമുക്കുവേണമെങ്കിൽ അക്കാഡമീഷ്യൻസിന്റെ ഒരു ഫോറത്തിൽ ഇത് ഡിസ്ക്കസ് ചെയ്യാം. വൈസ്ചാൻസലേഴ്സ് മാത്രം വേണമെന്നില്ല, യൂണിവേഴ്സിറ്റികളിലെ വിദഗ്ധരെ കൂട്ടിയോജിപ്പിച്ച് ഇന്റേണൽ അസസ്സ്മെന്റ് എങ്ങനെ കൂടുതൽ നന്നാക്കാമെന്നുള്ളതിനെക്കുറിച്ച് നമുക്ക് ഒരു ഡിസ്ക്ഷനാകാം. അതിന് വൈസ്ചാൻസലേഴ്സും നമ്മളും മാത്രം വേണ്ട, അക്കാഡമീഷ്യൻസിനേയും കൂടി വിളിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി : സർ, എഴുത്തുപരീക്ഷയുടെ സാങ്ക്റ്റിറ്റി തന്നെ ഇപ്പോൾ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഞാനതിന്റെ കാര്യങ്ങളിലേക്ക് വിശദമായി കടക്കുന്നില്ല. എഴുത്ത് പരീക്ഷയുടെ സാങ്ക്റ്റിറ്റിയെ ഇപ്പോൾ എല്ലാ തലത്തിലും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഇന്റേണൽ അസസ്സ്മെന്റിന് പ്രാധാന്യമുണ്ട്. പക്ഷേ ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റിയിൽ ഇന്റേണൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ട് കുറെ ഗസ്റ്റ് ലക്ചേഴ്സിനെ പിരിച്ചുവിടേണ്ടിവന്നു. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞതുപോലെ ഒരു ഗ്രീവൻസ് സെൽ രൂപീകരിക്കുകയോ യൂണിവേഴ്സിറ്റികളുടെ ആട്ടോണമിയിൽ ഇടപെടാതെ, അക്കാഡമിക് സ്വാതന്ത്ര്യത്തിൽ ഇടപെടാതെ, ഇന്റേണൽ അസസ്സ്മെന്റിന്റെ പേരിൽ നടക്കുന്ന ചൂഷണവും പ്രത്യേകിച്ച് പെൺകുട്ടികളോടുള്ള ഹരാസ്മെന്റും ഉണ്ടാകാതിരിക്കാൻ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കൗൺസിൽ വിളിച്ചുകൂട്ടി വ്യക്തമായ മാനദണ്ഡങ്ങൾ ഇൻസിസ്റ്റ് ചെയ്യുകയോ ചെയ്യണം. എവിടെയെങ്കിലും കൃത്രിമമോ തെറ്റുകളോ കുറ്റങ്ങളോ ഉണ്ടായാൽ ഉടൻ ഇടപെടത്തക്ക നിലയിൽ ഒരു ഗ്രീവൻസ് സെൽ യൂണിവേഴ്സിറ്റി തലത്തിൽ രൂപീകരിക്കുകയും അതിനുമുകളിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ തന്നെ വി. സി.-മാരടങ്ങിയ ഒരു അപ്പലേറ്റ് അതോറിറ്റികൂടി രൂപീകരിച്ച് ഇതിന്റെ സാങ്ക്റ്റിറ്റി നിലനിർത്തുകയും ചെയ്യണം. ഇതിലൂടെ ചൂഷണം ഒഴിവാക്കാൻ കഴിയും. ഈ നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയും? ഇതെല്ലാം അക്കാഡമിക് മാറ്റേഴ്സാണ്. ഞാൻ ഇവിടെ പറഞ്ഞതുപോലെ ചെയ്യാം. പക്ഷേ ഞാൻ ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിലേക്ക് വേറൊരു കാര്യ പറയുന്നു. ഇതിലൊക്കെ നമ്മുടെ മനോഭാവത്തിന്റെ പ്രശ്നമാണ്. ഈ ഒരു ജനറേഷനെന്നു പറയുന്നത് ഇന്റേണൽ ഇവാല്യൂവേഷനിലൂടെ വരുന്നവരാണ്. ഇപ്പോൾ എസ്.എസ്.എൽ.സി.-യുടെ കാര്യം ഈ സഭയിൽ എല്ലാവർക്കും അറിയാം. എസ്.എസ്.എൽ.സി.-യുടെ കണ്ടിന്യുവസ് ഇവാല്യൂവേഷൻ കഴിഞ്ഞു. കേരളത്തിൽ 5 ലക്ഷം കുട്ടികളുടെയിടയിൽ കണ്ടിന്യുവസ് ഇവാല്യൂവേഷൻ കഴിഞ്ഞു. നിങ്ങൾ നോക്കൂ, അതിൽ കാര്യമായി പരാതിയില്ല. പബ്ലിക് എക്സാമിനേഷനിൽ 760 മാർക്കിനുപകരം ഇവിടെ 150-ഓളം മാർക്ക് സ്കൂളിൽവച്ചുതന്നെ ഇട്ടുകൊടുക്കുകയാണെങ്കിൽ അത് കേരളത്തിൽ വലിയ പ്രശ്നമുണ്ടാക്കുമെന്ന് ഇവിടെ എല്ലാവരും പറഞ്ഞിരുന്നു. ഒരു പ്രശ്നവുമുണ്ടായില്ലല്ലോ? ബഹുമാനപ്പെട്ട മെമ്പർ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രശ്നത്തെപ്പറ്റി പറഞ്ഞ കാര്യം ഗവൺമെന്റ് വളരെ ഗൗരവമായി എടുക്കുകയാണ്. ഇന്റേണൽ ഇവാല്യൂവേഷൻ എന്ന സിസ്റ്റം നല്ലതുത്തന്നെയാണ്. അത് കുറ്റമറ്റതാക്കി മാറ്റാനുള്ള സംവിധാനമാണ് വേണ്ടത്. ഈ പറഞ്ഞ എല്ലാ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് കുറ്റമറ്റ ഒരു സംവിധാനം തീർച്ചയായും ഈ കാര്യത്തിൽ കൊണ്ടുവരും.

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഒരു നല്ല രീതിയാണ് ഇന്റേണൽ അസസ്സ്മെന്റ്. അതിനെ സംബന്ധിച്ച് വ്യക്തമായ ഗൈഡ്ലൈൻസുണ്ട്. ഇന്നുള്ള സംവിധാനത്തിലേക്ക് പോയി അതെന്തോ ഒരു

പാതകമാണെന്നുള്ള നിലയിൽ പറഞ്ഞു പരത്തുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ കാതലായി ബാധിക്കും. അതുകൊണ്ട് ഇത് ഉപേക്ഷിക്കണമെന്നുള്ള ഒരു സമീപനത്തിലേക്ക് പോകരുത്. അത് നമ്മുടെ രാജ്യത്തിന് അപകടം ചെയ്യുമെന്നുള്ളതുകൊണ്ട് വേണമെങ്കിൽ അതൊന്നുകൂടി ശാസ്ത്രീയമായ രീതിയിൽ, അതിൽ എന്തെങ്കിലും ചില മാറ്റങ്ങൾ വരുത്തണമെങ്കിൽ അതിനെക്കുറിച്ചുമാത്രം ആലോചിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇതിന്, നേരത്തേ ശ്രീ. ടി. കെ. ദേവകുമാറിന്റെ ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞതാണ്. ഈ പോയിന്റ് നമുക്കൊന്ന് ഡിസ്ക്കസ് ചെയ്യാം. വൈസ് ചാൻസലേഴ്സ്, അക്കാഡമീഷ്യൻസ്, വേണമെങ്കിൽ വിദ്യാർത്ഥികളുടെ പ്രതിനിധികൾകൂടി വരട്ടെ. ഒരു വർക്ക്ഷോപ്പ്പോലെ ഇതിന്റെ plus and minus points നമുക്ക് ചർച്ച ചെയ്യപ്പെടാവുന്നതേയുള്ളൂ.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഇന്റേണൽ അസസ്സ്മെന്റിനെപ്പറ്റി വളരെ രസകരമായ അഭിപ്രായങ്ങളാണ് ഈ നിയമസഭയ്ക്കുള്ളിൽ കേട്ടത്. വിദ്യാഭ്യാസത്തെപ്പറ്റിയാണ് നമ്മളിവിടെ സംസാരിക്കുന്നത്. ഒരു അധ്യാപകനും ഒരു വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഇന്നത്തെ പശ്ചാത്തലത്തിൽ അല്ല കുറിക്കേണ്ടത്. വിദ്യാഭ്യാസം കുട്ടിക്ക് കൊടുക്കുന്നത് ഒരു അധ്യാപകനാണ്. പണ്ടുപണ്ട് സമർത്ഥരായ ആളുകളുള്ള ഈ രാജ്യത്ത് വളരെയധികം പേരുകേട്ടിട്ടുള്ള, ഇന്നും ഇന്ത്യയുടെ പേരിനും യശസ്സിനുമൊക്കെ കാരണഭൂതന്മാരായ ആളുകൾ പഠിച്ച് പരീക്ഷ എഴുതിയതാണ്. അവർ എല്ലാം പഠിച്ചുകഴിയുമ്പോൾ അവരുടെ ഗുരുക്കന്മാർ 'മതി, നീ മിടുക്കനായി' എന്നുപറഞ്ഞ് അവരെ പറഞ്ഞയയ്ക്കുകയാണ് ചെയ്യുന്നത്. അതുപോലെ ഈ പരീക്ഷയിൽ അധ്യാപകർ കുറ്റം കാണിച്ചാലോ എന്നുപറഞ്ഞാൽ എനിക്ക് അതിനെപ്പറ്റി അറിയില്ല. ഒരു അധ്യാപകനും കുറ്റം ചെയ്യാറില്ല എന്ന് പരിപൂർണ്ണമായി വിശ്വസിക്കാനുള്ള മാനസികമായ തന്റേടം വിദ്യാഭ്യാസമുള്ള നമ്മൾ ഉണ്ടാക്കേണ്ടതാണ്. ഒരു അധ്യാപകനും കുറ്റം ചെയ്യില്ല. ഇന്റേണൽ അസസ്സ്മെന്റിനെപ്പറ്റി ഇവിടെ ചില അംഗങ്ങൾ സംശയം പ്രകടിപ്പിച്ചതു കേട്ടു. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞതുപോലെ അത്യാവശ്യപ്പെട്ട ഒരു കാര്യമാണത്. പഠിച്ച് ശമ്പളം വാങ്ങാനല്ല കുട്ടി പഠിക്കുന്നത്. ഈ രാജ്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ള മിടുക്കനായി വരാനാണ് പഠിക്കുന്നത്. അതുകൊണ്ട് അധ്യാപകൻ ഇവൻ കൊള്ളാമെന്നുപറഞ്ഞാൽ അതുമാത്രമേയുള്ളൂ വിശ്വസിക്കാൻ പറ്റുന്നത്. ഫസ്റ്റ് ക്ലാസ്സിൽ എഴുതുന്നതുകൊണ്ടൊന്നും കാര്യമില്ല. കടലാസിൽ എഴുതുന്നതു പകുതിയും പോക്കറ്റിൽ നിന്നും എടുത്ത് എഴുതുന്നതല്ലേ? ....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: താങ്കളൊരു മാതൃക കാണിക്കണം, ഒരു പഴയ അധ്യാപകനല്ലേ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അധ്യാപകനായതുകൊണ്ടാണ് പറഞ്ഞത്. ഒരു കുട്ടിയും ഈ നാരായണക്കുറുപ്പിനെപ്പറ്റി അഭിപ്രായം പറഞ്ഞിട്ടില്ല. പഠിച്ചുകഴിയുമ്പോൾ അവൻ മിടുക്കനാണെന്ന് അധ്യാപകന് തോന്നും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അദ്ധ്യാപക ജോലിയുടെ പവിത്രതയെക്കുറിച്ച് ഒരു അദ്ധ്യാപകൻ കൂടിയായിരുന്ന അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. അദ്ദേഹം പഠിപ്പിച്ച പല കുട്ടികളും, അദ്ദേഹത്തിന്റെ അദ്ധ്യാപനത്തിന്റെ സത്യസന്ധതയെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഞാനും കേട്ടിട്ടുണ്ട്. അദ്ദേഹം പ്രകടിപ്പിച്ച വികാരം ഞാൻ ഉൾക്കൊള്ളുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇന്റേണൽ അസസ്സ്മെന്റിന്റെ ഗുണങ്ങളെക്കുറിച്ചും ദോഷങ്ങളെക്കുറിച്ചും ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർമാരും അതു സംബന്ധിച്ച് സംസാരിക്കുകയും ചെയ്തു. അടുത്ത കാലത്ത് കോട്ടയം നഴ്സിംഗ് കോളേജിൽ നടന്ന ഇന്റേണൽ അസസ്സ്മെന്റും, അതിന്റെ ഫലമായി ആ സ്ഥാപനത്തിൽ പഠിക്കുന്ന 45-ഓളം പെൺകുട്ടികൾക്ക് പ്രിൻസിപ്പാളിന് പരാതി കൊടുക്കേണ്ടി വന്നതും അതു പിന്നീട് വി.സി.-ക്ക് അയച്ചുകൊടുത്തതും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അയച്ചതുമായ പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. 2005-ൽ ഉണ്ടായ ഈ പ്രശ്നത്തെ സംബന്ധിച്ച ആക്ഷേപം ശക്തമായി കൈകാര്യം ചെയ്തു വന്നപ്പോൾ, 2004-ൽ പെൺകുട്ടികൾ അദ്ധ്യാപകർക്ക് കീഴ്പ്പെടാതിരുന്നതിന്റെ ഫലമായി, അവരെ മോശപ്പെടുത്താൻ ശ്രമിച്ചതിനെത്തുടർന്നുണ്ടായ കംപ്ലെയിന്റിൽ രണ്ട് അദ്ധ്യാപകരെ സസ്പെന്റു ചെയ്യേണ്ടതായി വന്നു. 2004-ൽ കാണിച്ചത് തെറ്റാണെന്നിരുന്നാലും, 2005-ൽ കോട്ടയം നഴ്സിംഗ് കോളേജിൽ ഉണ്ടായ പ്രശ്നം രൂക്ഷമായതിനെത്തുടർന്നാണ് പഴയ കേസ്സുകളും എടുക്കാൻ ഇടയായത്. അതുകൊണ്ട് ഇന്റേണൽ അസസ്സ്മെൻറ് എന്നു പറയുന്നത്, ശ്രീ. എം. മുരളി പറഞ്ഞതുപോലെ, നല്ല റെസ്ട്രിക്ഷനോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ്. അത് അതിന്റെ സീരിയസ്നസ്സോടുകൂടിത്തന്നെ ഗവൺമെന്റ് കൈകാര്യം ചെയ്യണം. വിശേഷിച്ചും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അതു കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളെ സംബന്ധിച്ചല്ലേ ഗവൺമെന്റ് ആലോചിക്കേണ്ടത്? അങ്ങനെയാണ് ചെയ്യേണ്ടതെന്ന് ഞാൻ ഗവൺമെന്റിനെ അറിയിക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ വികാരം അതിന്റെ ശരിയായ അർത്ഥത്തിൽത്തന്നെ ഗവൺമെന്റ് എടുക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്റേണൽ അസസ്സ്മെൻറിന്റെ പേരിൽ, ഏതെങ്കിലും ഒരു കുട്ടിയോടു പ്രതികാര നടപടി സ്വീകരിക്കാനോ ബുദ്ധിമുട്ടിപ്പിക്കാനോ ഇടവരാത്ത വിധത്തിൽ, അതു എങ്ങനെ കുറ്റമറ്റതാക്കാമെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായി ഗവൺമെന്റ് ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : ഇന്റേണൽ അസസ്സ്മെന്റ് തീർച്ചയായും നിലനിർത്തേണ്ടതുണ്ട്. അതേയവസരത്തിൽ പരാതികൾ ക്ഷണിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകാതെ സൂക്ഷിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്റേണൽ അസസ്സ്മെൻറിന്റെ മാനദണ്ഡങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. വിദ്യാർത്ഥികൾക്ക് കിട്ടുന്ന മാർക്ക് അവർക്ക് അറിയത്തക്ക വിധത്തിലുള്ള ഒരു സംവിധാനം ഇന്നു നിലവിലുണ്ടോ? മാനദണ്ഡമനുസരിച്ചുള്ള മാർക്ക് കൊടുക്കാൻ അദ്ധ്യാപകർക്ക് ബോധനവും, ഓരോ വർഷവും അവർക്കൊരു

ഇൻ സർവ്വീസ് ട്രെയിനിംഗും നൽകണം. ബന്ധപ്പെട്ട അധികാരികളെക്കൊണ്ട് ഇതു ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ നടക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതു നടത്തുമെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? അതോടൊപ്പം ഹൈസ്കൂൾ തലത്തിൽ കലാ കായിക രംഗങ്ങളിൽ ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിൽ അംഗങ്ങളായ കുട്ടികളിൽ പ്രസിഡന്റിന്റെ അവാർഡ് വാങ്ങുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. അതുപോലുള്ള ഗ്രേഡിംഗ് നടത്തി. അത് കുറ്റമറ്റ നിലയിൽ എങ്ങനെ നടപ്പാക്കാമെന്നതിനെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇത്തരം കാര്യങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കുന്നുണ്ട്. അദ്ധ്യാപകർക്ക് ശരിക്കും പരിശീലനം കൊടുത്താലേ പറ്റൂ. പ്രോജക്ട്, അസൈൻമെന്റുപോലുള്ള കാര്യങ്ങൾ എങ്ങനെ ഇവാല്യൂവേറ്റു ചെയ്യണമെന്നുള്ള പരിശീലനം അദ്ധ്യാപകർക്ക് കൊടുത്തില്ലെങ്കിൽ അവർ നല്ലനിലയിൽ ഇവാല്യൂവേറ്റ് ചെയ്യില്ല. അതുകൊണ്ട് യൂണിവേഴ്സിറ്റി തലത്തിൽ അതിനുള്ള പരിശീലനം കൊടുക്കുന്നുണ്ട്. ഇന്നതാണ് ഇന്റേണൽ അസസ്സ്മെന്റിന്റെ മാനദണ്ഡം എന്നുള്ളതു സംബന്ധിച്ച് കുട്ടികൾക്ക് കുറച്ചുകൂടി മനസ്സിലാക്കാൻ ഉതകുന്ന വിധത്തിൽ അതു പബ്ലിഷ് ചെയ്യുമോ എന്നു ചോദിച്ചാൽ, ഇപ്പോൾ നോട്ടീസ് ബോർഡിലൊക്കെ ഇടുന്നുണ്ട്. അതു പോരെങ്കിൽ യൂണിവേഴ്സിറ്റിയോടു തന്നെ, കുട്ടികൾക്ക് അത് സംബന്ധിച്ച ലഘുലേഖനങ്ങളും മറ്റും കൊടുക്കുന്നതിനെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം കൊടുക്കാം. വിദ്യാർത്ഥി സംഘടനകൾക്കും വേണമെങ്കിൽ അറിയിപ്പ് കൊടുക്കാം. അപ്പോൾ എന്തെല്ലാമാണ് മാനദണ്ഡമെന്ന് കുട്ടികൾക്കും മനസ്സിലാക്കാൻ പറ്റും. കൂടുതൽ മനസ്സിലാക്കാനുള്ള സംവിധാനങ്ങൾ ഇപ്പോഴുണ്ട്. ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിനു കൊടുക്കുന്ന ഗ്രേസ് മാർക്കിന്റെ കാര്യം വിശദമായി പരിശോധിച്ചതിനുശേഷം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : ആധുനിക വിദ്യാഭ്യാസത്തിന്റെ സങ്കല്പമനുസരിച്ച്, പ്രായോഗിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇന്റേണൽ അസസ്സ്മെൻറ് നടത്തുക എന്നുള്ളത് പൊതുവായി അംഗീകരിക്കപ്പെടുന്നുണ്ട്. പക്ഷേ അതിൽ അദ്ധ്യാപകരുടെ ആത്മനിഷ്ഠാ ഘടകങ്ങൾക്ക് മുൻഗണന കിട്ടുമ്പോഴാണ് സ്വാഭാവികമായും കുട്ടികൾക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അങ്ങനെ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് ഭരണപക്ഷവും പ്രതിപക്ഷവും മന്ത്രിതന്നെയും സമ്മതിച്ചിരിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ അധികാര പരിധിയിലേക്ക് കടക്കുന്നില്ല എന്ന് അങ്ങ് പറയുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ ചൂണ്ടിക്കാണിച്ചത്, അദ്ദേഹത്തിന് ചില അവസരങ്ങളിൽ ഇടപെടേണ്ടി വന്നുവെന്നാണ്. എത്ര കുട്ടികളുടെ രക്ഷിതാക്കൾക്കാണ് അങ്ങയെ സമീപിക്കാൻ കഴിയുക? മന്ത്രിയെ സമീപിക്കാനാവാത്ത, ഉന്നതതലത്തിൽ ബന്ധപ്പെടാനാവാത്ത ഒരുപാട് കുട്ടികളുടെ പ്രശ്നങ്ങൾ നമ്മൾ അറിയാതെ തന്നെ നിൽക്കുകയാണ്. ഈ പ്രശ്നങ്ങളാകെ ഗൗരവപൂർവ്വം കണക്കിലെടുത്തുകൊണ്ട്-ഗൈഡ് ലൈൻസിൽതന്നെ, ഓരോ യൂണിവേഴ്സിറ്റിക്കും ഓരോ ഗൈഡ് ലൈൻസാണ്-ഓരോ ഗൈഡ്

LIBRARY ARCHIVES Kerala Legislative Assembly

ലൈൻസിനുപകരം, ഗൈഡ് ലൈൻസ് തന്നെ സുതാര്യമാക്കി, അതിനെ അടിസ്ഥാനമാക്കിയുള്ള ഇന്റേണൽ അസസ്സ്മെൻറ് നടത്തുന്നതിനു വേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിന് വിദ്യാർത്ഥികളെക്കൂടി പങ്കാളികളാക്കുന്ന ഒരു നിലപാട് അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഓരോ യൂണിവേഴ്സിറ്റിയും ഇപ്പോൾ ഇറക്കിയിട്ടുള്ള ഗൈഡ് ലൈൻസിനുപുറമെ മൊത്തത്തിൽ ഇക്കാര്യങ്ങൾ വച്ചുകൊണ്ടുള്ള ഒരു ഗൈഡ് ലൈൻസ് ഇറക്കുന്നതിനെക്കുറിച്ച് തീർച്ചയായും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. പി. എം. സാഹിർ : യൂണിവേഴ്സിറ്റികളിൽ ഇന്റേണൽ അസസ്സ്മെൻറും സെഷണൽ മാർക്കും ഇടുന്ന സമ്പ്രദായം പണ്ടേ നിലവിലുള്ളതാണ്. കുട്ടികൾക്ക് വിഷമമുണ്ടായാൽ, അടിയന്തിരമായി ഇടപെടാൻ, അതിനൊരു മോണിറ്ററിംഗ് സിസ്റ്റം ഇൻഡ്രൊഡ്യൂസ് ചെയ്യാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : മോണിറ്ററിംഗ് സിസ്റ്റം ഇപ്പോൾ നിലവിലുണ്ട്. അതു കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാം.

ശ്രീ. പി. ജയരാജൻ : ഇന്റേണൽ അസസ്സ്മെന്റ് മാർക്കിനെ ഉപയോഗപ്പെടുത്തി ചില അദ്ധ്യാപകർ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന കാര്യമാണ് നാമിവിടെ ചർച്ച ചെയ്തത്. അത് പരിഹരിക്കുന്നതിനുവേണ്ടി ഗ്രീവൻസ് സെൽ ശക്തിപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറയുകയുണ്ടായി. ഗ്രീവൻസ് സെൽ യൂണിവേഴ്സിറ്റി തലത്തിൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികളെ ആ സമിതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ, ഇതിന്റെ നോംസ് കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് അപ്പലേറ്റ് കമ്മിറ്റികൾക്ക് പരിശോധിക്കാൻ കഴിയും. അതുപോലെ തന്നെ വ്യത്യസ്ത യൂണിവേഴ്സിറ്റികളിൽ വ്യത്യസ്തമായിട്ടുള്ള മാർക്കാണ് ഒരേ വിഷയത്തിനു നൽകുന്നത്. വ്യത്യസ്ത യൂണിവേഴ്സിറ്റികളിലെ ഇന്റേണൽ അസസ്സ്മെൻറിന്റെ മാർക്ക് ഏകീകരിക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അതിനു കഴിയില്ല. കാരണം ആക്ടിവിറ്റീസ് ഓരോ സബ്ജക്ടിനും വ്യത്യസ്തമായി മാത്രമേ കാണാൻ സാധിക്കൂ. അസൈൻമെന്റ്, പ്രോജക്ട്, ടെസ്റ്റ് തുടങ്ങിയ കാര്യങ്ങളിൽ വ്യത്യസ്തമായിരിക്കും. ഇന്റേണൽ വാല്യൂവേഷന് എല്ലാ കോഴ്സിനും ഒരുപോലെ മാർക്ക് കൊടുക്കാൻ പറ്റില്ല. അതിന് അതിന്റേതായിട്ടുള്ള വൈവിധ്യം നിലനിൽക്കും. ഒരേ കോഴ്സിന് വ്യത്യസ്ത യൂണിവേഴ്സിറ്റികളിൽ വ്യത്യസ്തമായ മാർക്കാണെങ്കിൽ നോക്കാം. അതു ചെയ്യാവുന്ന സംഗതിയാണ്. തീർച്ചയായും അക്കാര്യം പരിശോധിക്കാം. റിഡ്രസ്സൽ കമ്മിറ്റിയിൽ വിദ്യാർത്ഥി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താനാകുമോ എന്നുള്ളതു വളരെ വിശദമായ ചർച്ചയ്ക്കുശേഷം മാത്രമേ പറയാൻ സാധിക്കൂ. ഒരുപാട് വിദ്യാർത്ഥി സംഘടനകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly